**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം.**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1481**

**11.02.2013- ലെ മറുപടിക്ക്.**

**സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ**

**ചോദ്യം**

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
ശ്രീ.കെ.കെ.ജയചന്ദ്രൻ
ശ്രീ.റ്റി.വി.രാജേഷ്
ശ്രീ.കെ.സുരേഷ് കുറുപ്പ്

**ഉത്തരം**

ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) 2012-2013-ൽ സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ : | (എ) 2012-2013-ൽ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള എല്ലാ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ വിലയിരുത്താറുണ്ട്. 2013 ഫെബ്രുവരി മാസം നാലാം തീയതി നടന്ന യോഗത്തിലാണ് അവസാനമായി വിലയിരുത്തിയത്. |
| (ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ; | (ബി) എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പാക്കുന്നത് കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ്. എന്നാൽ ചില പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുമ്പോൾ കേന്ദ്ര മാനദണ്ഡങ്ങൾ പാലിക്കാൻ പറ്റാത്ത സാഹചര്യം വരുന്നുണ്ട്. ഇതിൽ മാറ്റം വരുത്തുന്നതിന് കേന്ദ്ര സർക്കാരിനെയും കേന്ദ്ര ആസൂത്രണ കമ്മീഷനെയും സമീപിച്ചിട്ടുണ്ട്. |
| (സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു പകരം സംസ്ഥാനത്തിന്റെ പ്രാദേശികാവശ്യങ്ങൾക്ക് അനുസൃതമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള സ്വാതന്ത്ര്യം സംസ്ഥാനങ്ങൾക്ക് ലഭിക്കണമെന്ന് കരുതുന്നുണ്ടോ ; | (സി) ഉണ്ട്. |

| | |
|---|---|
| (ഡി) സംസ്ഥാന പട്ടികയിൽപ്പെടുത്തിയിട്ടുള്ള എത്ര വിഷയങ്ങളിൽ ആണ് നിലവിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത് എന്നറിയിക്കാമോ ? | (ഡി) സംസ്ഥാന പട്ടികയിൽ മാത്രം ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Biju
സെക്ഷൻ ഓഫീസർ